"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - തൃശ്ശൂർ ജില്ല - പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - "Thamaravellachal NK Gopi Road, Concreting Kalink, Culvert, Kinar Slab, Side wall" എന്ന പ്രവൃത്തിക്ക് പകരം - "പുന്നച്ചോട് ഇ.എം.എസ് - താമരവെള്ളച്ചാൽ റോഡ്" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.133/2023/LSGD തീയതി,തിരുവനന്തപുരം, 03-07-2023

---

പരാമർശം:- 1. 09.01.2020 തീയതിയിലെ സ.ഉ.(കൈ) നം.13/2020/തസ്വഭവ.

2. 24.12.2020 തീയതിയിലെ സ.ഉ.(കൈ) നം.200/2020/തസ്വഭവ.

3. 29.07.2020 തീയതിയിലെ സ.ഉ.(കൈ) നം.114/2020/തസ്വഭവ.

4. 07.07.2021 തീയതിയിലെ സ.ഉ.(സാധാ) നം.1279/2021/തസ്വഭവ.

5. ബഹു റവന്യൂവും ഭവനനിർമ്മാണവും വകുപ്പ മന്ത്രിയുടെ 22/2/2023 ലെ N/127/M(R&H)/2023 നമ്പർ കത്ത്

6. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 25.03.2023 തീയതിയിലെ No.LSGD/PD/14303/2023-DB4 കത്ത്.

**ഉത്തരവ്**

പരാമർശം (1),(2) സർക്കാർ ഉത്തരവുകൾ പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1000 കോടി രൂപ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ (CMLRRP) അനുവദിച്ച് ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ല, ഒല്ലൂർ നിയോജക മണ്ഡലം, പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ "Thamaravellachal NK Gopi Road, Concreting Kalink, Culvert, Kinar Slab, Side wall" എന്ന പ്രവൃത്തിക്ക് 30,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

"Thamaravellachal NK Gopi Road, Concreting Kalink, Culvert, Kinar Slab, Side wall" എന്ന പ്രവൃത്തി നടക്കാത്ത സാഹചര്യത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, വാർഡ് 14 ലെ പുന്നച്ചോട് ഇ.എം.എസ് - താമരവെള്ളച്ചാൽ റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി മാറ്റി നൽകുന്നതിന് പരാമർശം (5) പ്രകാരം ബഹു റവന്യൂവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി ആവശ്യപ്പെട്ടു. Thamaravellachal NK Gopi Road, Concreting Kalink, Culvert, Kinar Slab, Side wall" എന്ന പ്രവൃത്തിപരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിക്ക് പകരമായി പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ലെ "പുന്നച്ചോട് ഇ.എം.എസ് - താമരവെള്ളച്ചാൽ റോഡ്"

എന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണെന്നും പരാമർശം(5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം ഭരണാനുമതി റദ്ദ് ചെയ്ത തൃശ്ശൂർ ജില്ല, ഒല്ലൂർ നിയോജക മണ്ഡലം, പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ "Thamaravellachal NK Gopi Road, Concreting Kalink, Culvert, Kinar Slab, Side wall" എന്ന പ്രവൃത്തിക്ക് പകരം തൃശ്ശൂർ ജില്ല, ഒല്ലൂർ നിയോജക മണ്ഡലം, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഡ് 14 ലെ "പുന്നച്ചോട് ഇ.എം.എസ് - താമരവെള്ളച്ചാൽ റോഡ്" എന്ന പ്രവൃത്തിക്ക് 30,00,000/- (മുപ്പത് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി പാണഞ്ചേരി ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫോർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
സെക്ഷൻ ഓഫീസർ
Date: 03-07-2023 15:40:55